പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ : 159

08-06-2015 - ൽ മറുപടിയ്ക്ക്

## തണൽപദ്ധതി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.സി.കെ.സദാശിവൻ: | | ശ്രീ. കെ. ബാബു<br>മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി |
| എ) | മത്സ്യത്തൊഴിലാളികൾക്കായി ആവിഷ്കരിച്ച തണൽപദ്ധതിയുടെ ആനുകൂല്യത്തിന് അർഹരായ എത്ര തൊഴിലാളികൾ നിലവിൽ സംസ്ഥാനത്തുണ്ടെന്ന് വ്യക്തമാക്കാമോ; | എ) | മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന നടപ്പിലാക്കിവരുന്ന തണൽ പദ്ധതിയുടെ ആനുകൂല്യത്തിനായി 2014-15 വർഷത്തിലെ കണക്ക് പ്രകാരം 311414 മത്സ്യ/അനുബന്ധത്തൊ ഴിലാളികൾ ക്ക് അർഹതയുണ്ട്. |
| ബി) | പ്രസ്തുത പദ്ധതിയിലേക്ക് ഇതുവരെ എത്ര അപേക്ഷകൾ ലഭിച്ചുവെന്നും ഇതിനായി എത്ര തുക വേണ്ടിവരുമെന്നും വ്യക്തമാക്കാമോ; | ബി) | തണൽ പദ്ധതി ഒരു തുടർ പദ്ധതിയായതിനാൽ ഈ സാമ്പത്തിക വർഷം (2015-16) പ്രത്യേക അപേക്ഷക ളൊന്നും സ്വീകരിച്ചിട്ടില്ല. പദ്ധതി ആനുകൂല്യത്തിന് മുൻ വർഷത്തിലെ 311414 പേർക്ക് അ ർഹത യു ണ്ട്. ഇവർക്ക് 1350/- രൂപ നിരക്കിൽ നൽകുന്ന തിന് 42 കോടി രൂപ ആവശ്യമായി വരും. |
| സി) | ഇതുവരെ അനുവദിച്ച തുക എത്ര ; ആനുകൂല്യത്തിന് അർഹരെങ്കിലും ഇതുവരെ ധനസഹായം ലഭ്യമാകാത്ത അപേക്ഷകർ എത്ര; വ്യക്തമാക്കാമോ; | സി) | 2014-15 സാമ്പത്തിക വർഷത്തിൽ 19.88 കോടി രൂപ മാത്രമാണ് ലഭിച്ചിട്ടുള്ളത്. ആയത് പ്രകാരം 1350/- രൂപ നിരക്കിൽ 147259 പേർക്ക് ധനസഹായം നൽ കിയിട്ടു ണ്ട്. ബാക്കി 164155 പേർക്ക് നൽകാനുണ്ട്. |
| ഡി) | ആനുകൂല്യങ്ങൾ ലഭ്യമാകുന്നതിനായി ഏർപ്പെടുത്തിയ ബയോമെട്രിക് കാർഡുകളുടെ വിതരണം പൂർത്തിയായിട്ടുണ്ടോ; വിശദമാക്കാമോ? | ഡി) | ഐ.ടി.ഐ പാലക്കാട് മുഖേനയാണ് ബയോമെ ട്രിക് കാർഡുകൾ വിതരണം ചെയ്യുന്നത്. ഇതുവരെ യായി 236729 പേരുടെ വിവര സമാഹരണം നടത്തി 172557 പേരുടെ കാർഡുകൾ തയ്യാറാക്കി വിതരണം ചെയ്തിട്ടുണ്ട്. ഐ.ടി.ഐ . പാല ക്കാടിൽ നിന്നും കാർഡുകൾ ലഭിക്കുന്ന മുറയ്ക്ക് തുടർവിതരണം നടത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ